കേരള സർക്കാർ
തൊഴിലും നൈപുണ്യവും വകുപ്പ്

ലേബർ കമ്മീഷണറുടെ കാര്യാലയം
തൊഴിൽഭവൻ, വികാസ്ഭവൻ.പി.ഒ., തിരുവനന്തപുരം-695 033
Website: www.lc.kerala.gov.in, Email: labourpublicity@gmail.com

---

പ്രസ്സ് റിലീസ് 19.07.2017

ലേബർ പബ്ലിസിറ്റി ഓഫീസ്
ഫോൺ നമ്പർ : 0471 2783908

---

## സിനി വർക്കേഴ്സ് വെൽഫെയർ ഫണ്ട്

## സ്റ്റേറ്റ് അഡ്വൈസറി കമ്മറ്റി യോഗം ചേർന്നു

സിനി വർക്കേഴ്സ് വെൽഫെയർ ഫണ്ട് സ്റ്റേറ്റ് അഡ്വൈസറി കമ്മറ്റി യോഗം ചേർന്നു. കമ്മറ്റി ചെയർമാൻ മന്ത്രി ടി.പി.രാമകൃഷ്ണന്റെ അധ്യക്ഷതയിൽ അദ്ദേഹത്തിന്റെ ചേംബറിൽ ചേർന്ന യോഗത്തിൽ സിനി വർക്കേഴ്സിന്റെ ക്ഷേമം സംബന്ധിച്ച വിവിധ വിഷയങ്ങൾ ചർച്ച ചെയ്തു.

സിനി വർക്കേഴ്സിന്റെ ക്ഷേമ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ സംസ്ഥാന തലത്തിൽ ലേബർ കമ്മീഷണറുടെ വെബ് സൈറ്റിൽ പ്രത്യേകമായി ഉൾക്കൊള്ളിക്കാൻ യോഗത്തിൽ തീരുമാനമായി. സിനിമാ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായ വിതരണ പദ്ധതി, ആരോഗ്യ-ചികിത്സാ പദ്ധതികൾ, സിനി വർക്കേഴ്സിനുള്ള തിരിച്ചറിയൽ കാർഡ് വിതരണം മുതലായ കാര്യങ്ങൾ യോഗം പരിശോധിച്ചു.

ചികിത്സാ ആനുകൂല്യങ്ങൾ , വിവിധ സഹായ പദ്ധതികൾ തുടങ്ങിയവയുടെ സാമ്പത്തിക ആനുകൂല്യ പരിധി വർധിപ്പിക്കുന്നതിനുള്ള ശിപാർശകൾ കേന്ദ്രത്തിലേയ്ക്ക് അയയ്ക്കുന്നതിന് യോഗം തീരുമാനിച്ചു. സിനി വർക്കേഴ്സിന് ആയുർവേദ ചികിത്സയ്ക്ക് അവസരം ലഭ്യമാക്കുക, സംസ്ഥാനത്ത് കൂടുതൽ ആശുപത്രികളെ സിനി വർക്കേഴ്സിന്റെ ചികിത്സയ്ക്കായി എംപാനൽ ചെയ്തു നൽകുക മുതലായ ആവശ്യങ്ങൾ പരിഗണിക്കണമെന്ന ആവശ്യവും വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ശിപാർശ നൽകുന്നതിന് യോഗം അംഗീകരിച്ചു. ഇതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കും.

അപേക്ഷ പ്രകാരമുള്ള ആനുകൂല്യങ്ങൾ പൂർണ്ണമായി വിതരണം ചെയ്യാൻ കഴിയുന്ന വിധത്തിൽ ആവശ്യമെങ്കിൽ കേന്ദ്ര ബോർഡിൽ നിന്നും കൂടുതൽ അലോട്ട്മെന്റ് ലഭ്യമാക്കുന്നതിനുള്ള ഇടപെടൽ കാര്യക്ഷമമാക്കുന്നതിനും യോഗം തീരുമാനിച്ചു.

ആറുമാസത്തിലൊരിക്കൽ തൊഴിൽ മന്ത്രിയുടെ അധ്യക്ഷതയിൽ സ്റ്റേറ്റ് അഡ്വൈസറി കമ്മിറ്റി യോഗം ചേരും. കേന്ദ്രത്തിൽ നിന്നും ഡയറക്ടർ ജനറലിനെ പങ്കെടുപ്പിച്ചുകൊണ്ട് പ്രത്യേക സ്റ്റേറ്റ് അഡ്വൈസറി കമ്മിറ്റി ചേരുന്നതിന് യോഗം തീരുമാനിച്ചു. അഡ്വൈസറി കമ്മിറ്റി അംഗങ്ങളിൽ നിന്നും നിർമാതാക്കളുടെ പ്രതിനിധിയായി ജി.സുരേഷ്കുമാർ, സാങ്കേതിക വിദഗ്ധരുടെ പ്രതിനിധിയായി ശ്രീകുമാർ അരൂക്കുറ്റി എന്നിവരെ ഉൾപ്പെടുത്തി കമ്മീഷണർ അധ്യക്ഷനായി ഫിനാൻസ് സബ് കമ്മിറ്റി രൂപീകരിച്ചു.

സിനി വർക്കേഴ്സിന്റെ ഭാഗത്തു നിന്നും ലഭിക്കുന്ന വിവിധ അപേക്ഷകളും പരാതികളും ആവശ്യങ്ങളും ഐഡന്റിറ്റി കാർഡ് ഉൾപ്പെടെയുള്ള അപേക്ഷകളിലും പരിശോധിക്കുന്നതിനും സ്റ്റേറ്റ് അഡ്വൈസറി കമ്മിറ്റിക്ക് ശിപാർശ നൽകുന്നതിനുമായി ആറംഗ സമിതിയെയും യോഗത്തിൽ രൂപീകരിച്ചു. കമ്മിറ്റി മൂന്നു മാസത്തിലൊരിക്കൽ എറണാകുളത്തോ കണ്ണൂരോ വേദി തീരുമാനിച്ച് യോഗം ചേരും.

യോഗത്തിൽ വെൽഫെയർ കമ്മീഷണർ (എൽ.ഡബ്ല്യു.ഒ,കണ്ണൂർ) മാർട്ടിൻ ജോസഫ്, ലേബർ കമ്മീഷണർ കെ.ബിജു , അഡീ.ലേബർ കമ്മീഷണർ എ.അലക്സാണ്ടർ , അഡീഷണൽ സെക്രട്ടറി സീതാലക്ഷ്മി , സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷൻ തിരുവനന്തപുരം അഡീഷണൽ റീജണൽ ഓഫീസർ, സിനിമയിലെ വിവിധ മേഖലകളിലെ പ്രതിനിധികളായ നടി ജലജ , നിർമാതാവ് ജി.സുരേഷ്കുമാർ, എം.ജെ.ആന്റണി, കല്ലിയൂർ ശശി, ശ്രീകുമാർ അരൂക്കുറ്റി, ഒ.എസ്.ഗിരീഷ്, തൊടിയൂർ രാജശേഖരൻ മുതലായവർ പങ്കെടുത്തു.

ലേബർ പബ്ലിസിറ്റി ഓഫീസർ

9846063499